വർഗ്ഗീയ സംഘട്ടനങ്ങളിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം

65 [66] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര സ്ഥലങ്ങളിൽ വർഗ്ഗീയസംഘട്ടനങ്ങളും സംഘർഷങ്ങളും നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) വർഗ്ഗീയസംഘട്ടനങ്ങളിലും, സംഘർഷങ്ങളിലുമായി എത്രപേർ കൊല ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവ ഓരോന്നിന്റെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) വർഗ്ഗീയസംഘട്ടനങ്ങളിലും സംഘർഷങ്ങളിലും കൊലചെയ്യപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുക നൽകിയെന്നും ഓരോരുത്തർക്കും നൽകിയ സംഖ്യ എത്രയെന്നും അറിയിക്കുമോ;

(ഇ) നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(എഫ്) വർഗ്ഗീയസംഘർഷങ്ങളും സംഘട്ടനങ്ങളും നടന്ന സ്ഥലങ്ങളിൽ പുനരധിവാസത്തിനും, മറ്റു വികസനപ്രവർത്തനങ്ങൾക്കുമായി സർക്കാർ പ്രത്യേക ധനസഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര സംഖ്യ ഓരോ സ്ഥലത്തും ചെലവഴിക്കുന്നു എന്നു വ്യക്തമാക്കാമോ;

(ജി) ഇതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) 2003 മേയ് 2-ന് കോഴിക്കോട് മാറാട് കടപ്പുറത്തുണ്ടായ അനിഷ്ട സംഭവങ്ങളിൽ കൊല്ലപ്പെട്ട ഒമ്പതുപേരുടെ ആശ്രിതർക്ക് 10 ലക്ഷം (പത്ത് ലക്ഷം) രൂപാ വീതം നഷ്ടപരിഹാരം നൽകി.

(ഇ) വീട്, തൊഴിലുപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ടവർക്ക് നാശനഷ്ടം തിട്ടപ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖേന 1,51,96,500 (ഒരു കോടി അമ്പത്തിയൊന്നുലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി അഞ്ഞൂറ്) രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

വർഗ്ഗീയ സംഘട്ടനങ്ങളിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

66 [67] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർഗ്ഗീയസംഘട്ടനങ്ങളിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എന്ത് തുക ചെലവഴിച്ചു;

(ബി) സംസ്ഥാനത്ത് നടന്ന ഏതെല്ലാം വർഗ്ഗീയസംഘട്ടനങ്ങളിൽ മരണമടഞ്ഞവരുടെ ആശ്രിതർക്കാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) മാറാട് നടന്ന വർഗ്ഗീയസംഘട്ടനങ്ങളിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് എന്ത് തുക വീതം നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി മൊത്തം ചെലവഴിച്ച തുകയെത്ര;

(ഇ) മാറാട് വർഗ്ഗീയ സംഘട്ടനത്തെ തുടർന്ന് വീടും മറ്റും നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 2003 മേയ് 2-ന് മാറാട് നടന്ന വർഗ്ഗീയസംഭവത്തിൽ മരണമടഞ്ഞ ഒമ്പതുപേരുടെ ആശ്രിതർക്ക് 10 ലക്ഷം (പത്ത് ലക്ഷം) രൂപാ വീതം നഷ്ടപരിഹാരം നൽകി.

(ഡി) ഇതിനായി 90 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. 2003 മേയിൽ മാറാടുണ്ടായ വർഗ്ഗീയ സംഘട്ടനത്തെത്തുടർന്ന് വീട്, തൊഴിലുപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ടവർക്ക് നാശനഷ്ടം തിട്ടപ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖേന 1,51,96,500 രൂപയുടെ (ഒരു കോടി അമ്പത്തിയൊന്നു ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി അഞ്ഞൂറു രൂപ) ധനസഹായം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly